(ബി) ടി തുകയിൽ എത്ര ചിലവാക്കി, എത്ര ചിലവാക്കാനുണ്ട്";
(സി) എവിടെ ഏതെല്ലാം ആവശ്യങ്ങൾക്കാണ് സ്ഥലം അക്വയർ ചെയ്തത്";
(ഡി) അധ:കൃതരിൽനിന്നും അപേക്ഷകളുണ്ടായിരുന്നിട്ടും സ്ഥലം അക്വയർ ചെയ്യാതിരുന്നതു് എവിടെയെല്ലാം ഏതെല്ലാം ആവശ്യങ്ങൾക്കു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു :

(എ) Rs. ഫ, ൦ ൫ ൦.
(ബി) ഇതേവരെ ഒന്നുംതന്നെ ചിലവാക്കീട്ടില്ല. അക്വിസിഷൻ നടപടികൾ എടുക്കുന്നതേയുള്ളു.
(സി) (എ) ഓട്ടുപാറ—കുന്നംകുളം പബ്ലിക്ക് റോഡിൽനിന്നു കുമരനെല്ലൂർ അധ:കൃതകോളനിക്കു ഒരു വഴിക്കും,
(ബി) തൊട്ടിപ്പാൾ അധ:കൃതർ താമസിക്കുന്ന സ്ഥലത്തേക്കു ഒരു വഴിക്കും,
(സി) ചേലക്കര—പന്നിപാടം എന്ന സ്ഥലത്തു അധ:കൃതരുടെ ആവശ്യത്തിനു ഒരു കിണർ കഴിപ്പാനുള്ള സ്ഥലവും അക്വയർ ചെയ്യാൻവേണ്ട നടപടികൾ എടുക്കുന്നുണ്ടു്.
(ഡി) അധ:കൃതരിൽനിന്നും ഫ ഫ൨ ഫ-ൽ കിട്ടിയ അപേക്ഷകൾ ഒന്നുംതന്നെ തള്ളികളഞ്ഞിട്ടില്ല. മേപ്പടി അപേക്ഷകൾ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

MULANTHURUTHI—COLONY FOR PULAYAS

310. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വൈദ്യുതി സദയം മറുപടി പറയുമോ.—

മുളന്തുരുത്തിയിൽ ഒരു കോളനി വെച്ചുതരേണമെന്നു അവിടത്തെ പുലയർ അപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെണ്ടു എന്തു നടപടി നടത്തി?

റാവു സാഹിബ്ബ് സി. ജെ. മാത്യു :

മുളന്തുരുത്തിയിൽ ഒരു കോളനി സ്ഥാപിക്കാൻ അപേക്ഷ കിട്ടീട്ടുണ്ടു്. അവിടെ ഒരു കോളനി സ്ഥാപിക്കേണ്ട കാര്യം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

CHITTUR TALUK—ACREAGE OF PADDY CULTIVATION

311. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ എത്ര ഏക്കർ നെൽകൃഷി ഉണ്ടു്;
(ബി) അതിൽ ഗവൺമെണ്ടു ഇറിഗേഷൻ ഏരിയാവിൽ എത്ര; അതല്ലാതെ എത്ര;
(സി) ചിറ്റൂർ താലൂക്കിൽ കരിമ്പുകൃഷി എത്ര ഏക്കർ ഉണ്ടു്;
(ഡി) ടി കൃഷി ആവശ്യത്തിനു് കൃഷി ഡിപ്പാർട്ടുമെണ്ടിൽനിന്നും എത്ര വളം ഫ ഫ൨ ഫ-ൽ ഇതേവരെയായി വിതരണം ചെയ്തിട്ടുണ്ടു്;
(ഇ) ഇതിൽ നിലക്കടല പിണ്ണാക്കു് എത്ര, മറ്റു വളങ്ങളും എത്ര?

റാവുസാഹിബ്ബ് സി. ജെ. മാത്യു :

(എ) നെൽകൃഷി ൫൩, ൫൨൩ ഏക്കർ.
(ബി) ഗവൺമേണ്ടു് ഇറിഗേഷൻ ഏരിയാവിൽ ൧൬, ൨൬൦ ഏക്കർ, അതല്ലാതെ ൩൯, ൨ ൫൩ ഏക്കർ.
(സി) ൫൯൨ ഏക്കർ കരിമ്പു കൃഷിയുണ്ടു്.
(ഡി) ൫൦൩ ടൺ ൧൬ ശതമാനം ൧൦൩ പൌണ്ടു്.
(ഇ) നിലക്കടലപിണ്ണാക്കു് ൩൩൫ ടൺ ൧൫ ശതമാനം ൫൫ പൌണ്ടു്, മറ്റു വളങ്ങളും ൧൩൯ ടൺ ൨ ശതമാനം ൯ ൫ പൌണ്ടു്.

SMALL-POX AND ALLIED DISEASES

312. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമേണ്ടു സദയം മറുപടി പറയുമോ.—

(എ) ഫ ഫ൨ ഫ-ൽ എത്ര വില്ലേജുകളിൽ എത്രപേർക്കു മസൂരിബാധയുണ്ടായി;
(ബി) മസൂരിയോടു ബന്ധപ്പെട്ട മറ്റു രോഗങ്ങളും ബാധിച്ചവരുടെ എണ്ണമെത്ര;
(സി) എത്രപേർ മരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly